# പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മിഷൻ :
# കേരളം എന്ത് ആവശ്യപ്പെടണം?

ഡോ. ബി. എ. പ്രകാശ്

---

കേന്ദ്രധനകാര്യ കമ്മിഷൻ മേയ് അവസാനം കേരളം സന്ദർശിക്കുകയും സംസ്ഥാന സർക്കാരിനോടും രാഷ്ട്രീയ പാർട്ടികളോടും മറ്റും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ആരായുകയുമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന് മെച്ചമായ കേന്ദ്രനികുതി വിഹിതവും ഗ്രാന്റുകളും ലഭിയ്ക്കാനുള്ള നിർദ്ദേശങ്ങളാണ് സംസ്ഥാനം മുന്നോട്ട് വയ്ക്കേണ്ടത്. ഇതോടൊപ്പം സംസ്ഥാനസർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ കേന്ദ്രധനകാര്യ നടപടികളിൽ മാറ്റവും ആവശ്യപ്പെടേണ്ടതാണ്. ഇതേക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയാണ് ഈ ലേഖനത്തിൽ.

കേന്ദ്ര നികുതികളിൽ നിന്ന് സംസ്ഥാനങ്ങൾക്ക് നൽകുന്ന മൊത്തം വിഹിതത്തിന്റെ വലിപ്പമാണ് ഓരോ സംസ്ഥാനങ്ങളുടെയും നികുതി വിഹിതത്തെ സ്വാധീനിക്കുന്ന ഒരു പ്രധാനഘടകം. ആസൂത്രണകമ്മിഷൻ, വാർഷിക പദ്ധതികൾ, പദ്ധതി ഗ്രാന്റുകൾ എന്നിവ കേന്ദ്രസർക്കാർ നിർത്തലാക്കിയത് സംസ്ഥാനങ്ങളുടെ കേന്ദ്രപദ്ധതി ഗ്രാന്റ് വിഹിതത്തിന്റെ ലഭ്യത ഗണ്യമായി കുറച്ചിട്ടുണ്ട്. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാരിന്റെ വിഹിതത്തിൽ വരുത്തിയ കുറവ്, സംസ്ഥാനങ്ങളുടെ വിഹിത വർധനവ്, പുതിയ കേന്ദ്രപദ്ധതികൾ സൃഷ്ടിക്കുന്ന അധിക ധനബാധ്യത എന്നിവ സംസ്ഥാനങ്ങളുടെ ധനബാധ്യത വർധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ആവശ്യങ്ങൾ സംസ്ഥാനത്തിന് മുന്നോട്ട് വയ്ക്കാവുന്നതാണ്. (1) സംസ്ഥാനങ്ങൾക്ക് നൽകേണ്ട മൊത്തം കേന്ദ്ര നികുതി വിഹിതം 42 ശതമാനത്തിൽ നിന്ന് 50 ശതമാനമായി വർദ്ധിപ്പിയ്ക്കണം. (2) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാനങ്ങളുടെ വിഹിതം വർദ്ധിപ്പിക്കുന്ന നടപടി നിർത്തലാക്കണം. (3) പുതിയതായി തുടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മുഴുവൻ സാമ്പത്തികബാധ്യതകളും കേന്ദ്രസർക്കാർ ഏറ്റെടുക്കണം.

### റവന്യൂ കമ്മി, ധനകമ്മി, വായ്പാപരിധി

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനമാനേജ്മെന്റ് മെച്ചമാക്കാൻ ധനകമ്മി, റവന്യൂ കമ്മി, വായ്പഎടുക്കൽ പരിധി എന്നിവയിൽ ശുപാർശകൾ നൽകേണ്ടതും കമ്മിഷന്റെ പരിഗണനാവിഷയമാണ്. പതിനാലാം കേന്ദ്രധനകാര്യ കമ്മിഷൻ കേരളത്തിനു 2015-16 മുതൽ 2019-20 വരെ റവന്യൂ കമ്മി പൂജ്യം ശതമാനവും ധനകമ്മി 3 ശതമാനവും, വായ്പാപരിധി 29.6 മുതൽ 31.3 ശതമാനം വരെയും ആകാമെന്ന് ശുപാർശ ചെയ്തിരുന്നു (ഇവ സംസ്ഥാന മൊത്ത അഭ്യന്തര വരുമാനത്തിന്റെ അനുപാതത്തിൽ കണക്കാക്കുന്നു). കഴിഞ്ഞ ആറു സാമ്പത്തിക വർഷത്തെ അനുഭവം പരിശോധിച്ചാൽ റവന്യൂകമ്മി, ധനകമ്മി എന്നിവ കേന്ദ്ര ധനകാര്യ കമ്മിഷനുകളുടെ മാനദണ്ഡങ്ങൾ അനുസരിച്ച് കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനം തുടർച്ചയായി ധനപ്രതിസന്ധിയും സാമ്പത്തിക മുരടിപ്പും അഭിമുഖീകരിയ്ക്കുന്ന സാഹചര്യത്തിൽ ഈ ലക്ഷ്യം നേടുക ആശാസ്യമല്ല. ഈ സാഹചര്യത്തിൽ റവന്യൂ കമ്മി 1.5 ശതമാനമായും ധനകമ്മി 3.5 ശതമാനമായും വായ്പാപരിധി 33

ശതമാനമായും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അവാർഡ് കാലത്ത് നിലനിർത്തണമെന്ന് ആവശ്യപ്പെടേണ്ടതാണ്. ഇതോടൊപ്പം റവന്യൂകമ്മി ഗ്രാന്റ് നിലനിർത്തണമെന്നും സംസ്ഥാനത്തിന് പ്രസ്തുത ഗ്രാന്റ്നൽകണമെന്നും ആവശ്യപ്പെടണം.

**2011 ലെ ജനസംഖ്യ**

2011ലെ ജനസംഖ്യാടിസ്ഥാനത്തിൽ കേന്ദ്രനികുതി വിഭജനം നടത്തണമെന്നാണ് കമ്മിഷന്റെ പരിഗണനാവിഷയം. കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും 1971ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നികുതി വിഭജനം നടത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ഈ വിഷയത്തിൽ കേന്ദ്രസർക്കാർ മാറ്റം വരുത്തിയിട്ടില്ല. പതിനാലാം കേന്ദ്രധനകാര്യ കമ്മിഷൻ നികുതി വിഭജനത്തിനു നൽകിയ 100 ശതമാനം വെയിറ്റേജിൽ 27.5 ശതമാനം ജനസംഖ്യയ്ക്കാണ് നൽകിയത്. 1971 ലെ ജനസംഖ്യയ്ക്ക് 17.5 ശതമാനവും 2011 ലെ ജനസംഖ്യയ്ക്ക് 10 ശതമാനവും. ജനസംഖ്യയുടെ കാര്യത്തിൽ 2011 ലെ ജനസംഖ്യ അടിസ്ഥാനമാക്കി ധനകാര്യ കമ്മിഷൻ മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ ഇപ്പോൾ അനുവർത്തിച്ച് വരുന്ന ജനസംഖ്യ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നിർദ്ദേശിക്കേണ്ടതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയിൽ 48 ശതമാനം പേർ നഗരപ്രദേശങ്ങളിൽ താമസിക്കുന്നവരും 13 ശതമാനം പേർ വൃദ്ധരുമാണ്. കടലാക്രമണത്തിൽ നിന്നും പ്രകൃതിക്ഷോപത്തിൽ നിന്നും 580 കിലോമീറ്റർ ദൈർഘ്യമുള്ള കടൽതീരത്തു താമസിക്കുന്ന ജനങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. 2011 ലെ മൊത്തം ജനസംഖ്യ മാത്രം മാനദണ്ഡമായി എടുക്കുന്നതിനുപകരം ജനസംഖ്യയുടെ വിവിധ സ്വഭാവങ്ങൾക്കനുസരിച്ച് ഒന്നിലധികം മാനദണ്ഡങ്ങൾ എടുക്കാൻ നിർദ്ദേശിക്കണം. ജനസംഖ്യയ്ക്ക് 100 ൽ 30 ശതമാനം വെയിറ്റേജ് നൽകണം. ഈ വെയിറ്റേജ് താഴെ പറയുന്ന നാല് ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിഭജിയ്ക്കണം. (1) 2011ലെ മൊത്തം ജനസംഖ്യയ്ക്ക് 10 ശതമാനം (2) നഗരത്തിലെ ജനസംഖ്യവിഹിതത്തിനു 10 ശതമാനം (3) തീരദേശ ജനസംഖ്യയ്ക്ക് 5 ശതമാനം (4) വൃദ്ധജനങ്ങളുടെ വിഹിതത്തിനു 5 ശതമാനം.

**വരുമാന വ്യത്യാസം (Income Distance)**

വരുമാന വ്യത്യാസം കണക്കാക്കാൻ മുൻധനകാര്യ കമ്മിഷൻ ഉപയോഗിച്ച മാനദണ്ഡം കേരളത്തിന് ദോഷകരമായിരുന്നു. മൊത്തം നികുതിവിഭജനത്തിന്റെ പകുതിയും നടത്തിയത് (50 ശതമാനം വെയിറ്റേജ്) വരുമാന വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതിനുവേണ്ടി 2010-11 മുതൽ 2012-13 വരെയുള്ള മൂന്നു വർഷകാലത്തെ ശരാശരി സംസ്ഥാനതല പ്രതിശീർഷവരുമാനം (GSDP) കണക്കാക്കി. പ്രതിശീർഷ വരുമാനത്തിൽ ഏറ്റവും ഉയർന്ന മൂന്നാം സ്ഥാനത്തിൽ നിൽക്കുന്ന ഹരിയാനയും മറ്റ് സംസ്ഥാനങ്ങളും തമ്മിലുള്ള വരുമാന വ്യത്യാസമാണ് ഇതിനു വേണ്ടി ഉപയോഗിച്ചത്. കേരളം ഈ മാനദണ്ഡത്തിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്താൻ ആവശ്യപ്പെടണം. (1) സംസ്ഥാനങ്ങളുടെ വരുമാന വ്യത്യാസം കണക്കാക്കാൻ ഉപയോഗിയ്ക്കുന്ന ഏറ്റവും ഉയർന്ന പ്രതിശീർഷവരുമാനം എന്ന പരിധി താഴേക്ക് മാറ്റി മധ്യനിരയിലേക്ക്(midpoint) കൊണ്ടുവരണം. (2) ഈ മാനദണ്ഡത്തിന്റെ മൊത്തം വെയിറ്റേജ് 50 ശതമാനത്തിൽ നിന്ന് 30 ശതമാനമായി കുറയ്ക്കണം.

**പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വിതരണം**

ഒൻപത് കാര്യങ്ങൾക്ക് പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഇൻസെൻടീവ്സ് നൽകി വിതരണം നടത്തണമെന്ന നിർദ്ദേശവും ഫെഡറൽ തത്വങ്ങൾക്ക് യോജിക്കുന്നതല്ല. അവ ജനസംഖ്യ വർധനവ് കുറയ്ക്കുക, CSS മെച്ചമായി നടത്തുക, ജി.എസ്.ടി. നെറ്റ് വർക്ക് വർദ്ധിപ്പിക്കുക, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ, ബിസിനസ് നടത്താൻ മെച്ചമായ അവസ്ഥ സൃഷ്ടിക്കുക, പ്രാദേശിക സർക്കാരുകളുടെ സർവീസുകൾ മെച്ചപ്പെടുത്തുക, ശുചീകരണ പ്രവർത്തനങ്ങൾ മെച്ചമാക്കുക തുടങ്ങിയവയാണ്. കേന്ദ്ര നികുതി വിഹിതവും ഗ്രാന്റുകളും സംസ്ഥാനത്തിന്റെ അവകാശമാണ്. അത് ഒരു നിബന്ധനകളും ഇല്ലാതെ സംസ്ഥാനത്തിന് കൈമാറണമെന്നു ആവശ്യപ്പെടണം.

**പൊതു സർവീസുകൾക്ക് പരിഗണന**

വൻതോതിൽ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് പൊതുസർവീസുകൾ വിപുലമായി നടത്തുന്ന കേരളത്തിനു കേന്ദ്രധനകാര്യ കമ്മിഷനുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നൊരു പരാതിയുണ്ട്. സംസ്ഥാനങ്ങൾ നടത്തുന്ന പൊതുസർവീസുകളും അതിനു വേണ്ടി ചെലവാക്കുന്ന തുകയും നികുതി വിഭജനത്തിനു ഒരു പുതിയ മാനദണ്ഡമായി എടുക്കാൻ നിർദ്ദേശിക്കണം. അതായത് പൊതുജനാരോഗ്യം, പൊതു വിദ്യാഭ്യാസം, കുടിവെള്ള വിതരണം, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി വിതരണം, മാലിന്യനിർമ്മാർജ്ജനം, ഗതാഗത സംവിധാനങ്ങൾ (റോഡ്, ജലഗതാഗതം, നഗര ഗതാഗത സംവിധാനങ്ങൾ, ബസ്സ് സർവീസ്) തുടങ്ങിയവ. ഇതിന് മൊത്തം വെയിറ്റേജിൽ 10 ശതമാനം നൽകണമെന്നു ആവശ്യപ്പെടണം.

മുൻ കേന്ദ്രധനകാര്യ കമ്മിഷൻ കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിതരണത്തിന് അനുവർത്തിച്ചു വന്ന മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റമാണ് മുകളിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ കേരളത്തിന്റെ കേന്ദ്ര നികുതി വിഹിതവും ഗ്രാന്റുകളും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനും സഹായകരമാണ്. റവന്യൂകമ്മി, ധനകമ്മി, വയ്പാപരിധി എന്നിവയിൽ നിർദേശിച്ച മാറ്റങ്ങൾ ധനഭരണത്തിനു സംസ്ഥാനത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകാനും ഇടയാക്കും.

(ലേഖകൻ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ അധ്യക്ഷൻ ആണ്)